LIBRARY ARCHIVES Kerala Legislative Assembly

എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/ അനാഥർ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റേയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകിയിട്ടുണ്ട്. ആശ്വാസ് 2015 പദ്ധതി പ്രകാരം 30-4-2015-ലെ സ്ഥിതി അനുസരിച്ച് 5,53,800 എണ്ണം കാർഷിക/ കാർഷികേതര വായ്പകളിലായി 140.54 കോടി രൂപ പിഴപ്പലിശയിനത്തിലും മറ്റ് ചെലവുകൾ ഇനത്തിലും ഇളവ് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കടിശ്ശിക വായ്പകളിൽ 3214.20 കോടി രൂപ മുതൽ ഇനത്തിലും 816.78 കോടി രൂപ പലിശയിനത്തിലും ഉൾപ്പെടെ ആകെ 4030.98 കോടി രൂപ ഈടാക്കാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, പ്രാഥമിക ഭവന സംഘങ്ങൾ, വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാതലത്തിലുമുള്ള സംഘങ്ങൾ/ബാങ്കുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

നിക്ഷേപ സംഗമങ്ങളുടെ ഫലപ്രാപ്തി

26 (*56) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ നിക്ഷേപ സംഗമങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓരോ സംഗമം മുഖേനയും ലക്ഷ്യമിട്ട നിക്ഷേപം സാദ്ധ്യമായിട്ടുണ്ടോ യെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) നിക്ഷേപ സംഗമങ്ങളിൽ നൽകുന്ന വാഗ്ദാനങ്ങളും പങ്കെടുക്കുന്നവർ ആവശ്യപ്പെടുന്ന കാര്യങ്ങളും പ്രായോഗികമാക്കുന്നതിന് സാദ്ധ്യമാക്കുന്നവയായി രുന്നോയെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന 2012-ൽ നടത്തിയ എമർജിംഗ് കേരള പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിരുന്നു.

കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനുമുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചത്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിംഗ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടത്തിയ നിക്ഷേപ സംഗമങ്ങളിൽ വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ട അനുമതികളെക്കുറിച്ചും ലൈസൻസുകളെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും, ജില്ലകളിലെ വ്യവസായ സാദ്ധ്യതകളെക്കുറിച്ചും, പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങളും നൽകിയിരുന്നു. സംരംഭകരെ കണ്ടെത്തുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്ത് വ്യവസായം തുടങ്ങുന്നതിനുവേണ്ട നടപടികളും എടുത്തുവരുന്നു.

(ബി) സംസ്ഥാനത്തെ ഒരു വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചത്. ഈ സംഗമംവഴി കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ- അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റാനും സംസ്ഥാനത്ത് വ്യവസായ വളർച്ച കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ നാല് വർഷക്കാലം സംസ്ഥാനത്ത് MSMED Act, 2006 പ്രകാരം മെമ്മോറാണ്ടം (പാർട്ട് -II) ഫയൽ ചെയ്ത പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ചെറുകിട സേവന മേഖലയിലെ യൂണിറ്റുകളും ഉൾപ്പെടുന്നു.

വർഷം	മെമ്മോറാണ്ടം (പാർട്ട് II) ഫയൽ ചെയ്ത പുതിയ യൂണിറ്റുകളുടെ എണ്ണം	തൊഴിൽ ലഭ്യത (എണ്ണം)	മുതൽ മുടക്ക് (രൂപ കോടിയിൽ)
2011-12	10389	72324	1695.30
2012-13	13051	81467	2392.97
2013-14	14997	87789	2224.13
2014-15	15455	83501	2392.68

(സി) 2012 സെപ്റ്റംബർ മാസം സർക്കാർ കൊച്ചിയിൽ കെ.എസ്.ഐ.ഡി.സി. മുഖേന സംഘടിപ്പിച്ച എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകപ്പുകളുടെ കീഴിൽ 177 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും തുടർ .നടപടികൾ സ്വീകരിക്കുന്നതിനും അതത് വകപ്പ് മേധാവികൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിരുന്നു. ഈ പദ്ധതികളിൽ വിവിധ വകപ്പുകളുടെ കീഴിലായി ഇപ്പോൾ 83 പദ്ധതികൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകപ്പിന്റെ കീഴിൽ മാത്രമുള്ള 19 പദ്ധതികളിൽ 2 പദ്ധതികൾ പൂർത്തിയാവുകയും ബാക്കിയുള്ള 17 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടത്തുന്ന നിക്ഷേപ സംഗമത്തിൽ പങ്കെടുത്ത ഭൂരിഭാഗം സംരംഭകരും സംരംഭകരാകാൻ ആഗ്രഹിക്കുന്നവരാണ്. എന്നാൽ പ്രധാനപ്രശ്നം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ്/ ക്ലിയറൻസ് ലഭിക്കാനുള്ള കാലതാമസമാണ്. സ്ഥലലഭ്യതയില്ലാത്തതും പ്രശ്നമായി ഉന്നയിക്കപ്പെടുന്നുണ്ട്. മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട ലൈസൻസുകളും ക്ലിയറൻസുകളും ലോണുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിഹരിച്ചു നൽകിവരുന്നു. കൂടാതെ ഫീൽഡുതല ഓഫീസർമാർ മുഖേന ഈ സംഗമങ്ങളുടെ തുടർനടപടികൾ നടത്തി ആയതിന്മേലുള്ള റിപ്പോർട്ട് ശേഖരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly